പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1298 — 06/02/2020 മറുപടിയ്ക്ക്

# വിദ്യാലയങ്ങളിലെ വിനോദയാത്ര സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാലയങ്ങളിലെ വിനോദയാത്ര സംബന്ധിച്ച് ദുരന്തനിവാരണ അതോറിറ്റിയും വിദ്യാഭ്യാസ വകുപ്പും എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വിദ്യാലയങ്ങളിൽ നിന്നുള്ള വിനോദയാത്ര സംബന്ധിച്ച് സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ ഉൾപ്പെടെയുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന്റെ 02/03/2007 ലെ ജി. ഒ (എം.എസ്) 51/2007/പൊ.വി.വ ഉത്തരവിന്റേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/08/2016 ലെ എച്ച്/976/2016 സർക്കുലറിലും വളരെ വിശദമായി പ്രതി പാദിച്ചിട്ടുണ്ട്. യാത്രക്കുള്ള അനുവാദം യാത്ര സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുന്ന അപേക്ഷയുടെ അടിസ്ഥാ നത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ നിന്നാണ് നൽകുന്നത്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ പലപ്പോഴും കർശനമായി പാലിക്കുന്നില്ലായെന്നും അതുമൂലം ദുരന്തങ്ങൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്നും കണ്ടെത്തിയിട്ടുണ്ടോ; | (ബി) മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടു വിനോദ യാത്രകൾ നടത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയ ങ്ങളിലെയും പ്രഥമ അധ്യാപകരും പി.റ്റി. എ. യും വിനോദയാത്ര സംബന്ധിച്ച് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താമോ? | (സി) വിനോദയാത്രയ്ക്ക് മുൻപേ തന്നേ പ്രോഗ്രാം ചാർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അനുവാദം ലഭിച്ചതിനു ശേഷമേ യാത്ര നടത്താവൂ. യാത്ര സംബന്ധിച്ച് പി.റ്റി.എ. എക്സിക്യൂട്ടീവിൽ തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്. പ്രഥമ മാ ധ്യാപകനോ സീനിയർ അധ്യാപകനോ നിർബന്ധമായും യാത്ര സമയത്ത് ഉണ്ടായിരിക്കേണ്ടതാണ്. രക്ഷിതാക്കളുടെ പ്രതിനിധികളേയും യാത്രാ സംഘത്തിൽ ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ